**എം ജി ബി എഡ് ഏകജാലക പ്രവേശനം: സപ്ലിമെൻററി അലോട്മെൻറ്: ഓൺലൈൻ രജിസ്ട്രേഷൻ 22/11/2021 4.00 പി എം വരെ ലഭ്യമായിരിക്കുന്നതാണ്.**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ഏകജാലകം വഴിയുള്ള ബി എഡ് പ്രവേശനത്തിൻെറ സപ്ലിമെൻററി അലോട്മെൻറിൽ ഇതു വരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ സാധിക്കാത്തവർക്കും പ്രവേശനം ലഭിക്കാത്തവർക്കും പ്രവേശനം ലഭിച്ചതിനു ശേഷം റിജക്ട് ആയിപ്പൊയവർക്കും, നിശ്ചിത സമയത്ത് പ്രവേശനമെടുക്കാൻ സാധിക്കാഞ്ഞവർക്കുമായി അപേക്ഷിക്കുന്നതിനുള്ള സൗകര്യം 22/11/2021 4.00 പി എം വരെ ലഭ്യമായിരിക്കുന്നതാണ്. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്മൻറിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്മെൻറിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകായി ഫീസ് ഒടുക്കാതെ തന്നെ തൻെറ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്സ് വേഡും ഉപയോഗിച്ച് cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ് സപ്ലിമെൻററി അലോട്മൻറിൽ പങ്കെടുക്കുന്നവർ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

മാനേജ്മെൻറ് ക്വാട്ടാ/കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടാ എന്നീ വിഭാഗങ്ങൾക്കായുള്ള പ്രത്യേക ലിങ്കിലൂടെ മാത്രം നിലവിൽ അപേക്ഷിച്ചിട്ടുള്ളവർ തങ്ങളുടെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്സ് വേഡും ഉപയോഗിച്ച് cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്യുക. ലോഗിൻ ചെയ്ത ശേഷം അപേക്ഷകനു താൻ നേരത്തേ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തരത്തിലുള്ള തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. സപ്ലിമെൻററി അലോട്മെൻറിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടേയോ ഓപ്ഷനുകളുടെയോ പ്രിൻറ് ഔട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ബി എഡ് പ്രോഗ്രാമുകളിലെ ഒഴിവുകളുടെ വിശദാംശങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷനായി cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

സ്ഥിര പ്രവേശം എടുത്തവർ സപ്ലിമെൻററി അലോട്ട്മെൻറിൽ അപേക്ഷിക്കുകയും അലോട്മെൻറ് ലഭിക്കുകയും ചെയ്താൽ പുതുതായി ലഭിക്കുന്ന അലോട്മെൻറിലേക്ക് നിർബന്ധമായും പ്രവേശനം എടുക്കേണ്ടി വരും. ഇത്തരക്കാരുടെ മുൻ പ്രവേശനം റദ്ദാക്കപ്പെടുകയും ചെയ്യും. അതിനാൽ സ്ഥിരപ്രവേശം എടുത്തവർ ശ്രദ്ധിച്ചു മാത്രം സപ്ലിമെൻററി അലോട്ട്മെൻറിൽ ഓപ്ഷനുകൾ നൽകുക. ഒരു തവണ ക്യാപ്പിലൂടെ അപേക്ഷാ ഫീസ് ഒട

ഭിന്ന ശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കും 22/11/2021 4.00 പി എം വരെ അപേക്ഷികാവുന്നതാണ്.